**128/25-M**

ചോദ്യ പുസ്തക ക്രമനമ്പർ

ചോദ്യപുസ്തക അക്ഷരകോഡ്

**A**

A

| | |
|---|---|
| **ചോദ്യങ്ങളുടെ ആകെ എണ്ണം : 100** | **സമയം : 90 മിനിട്ട്** |
| **പരമാവധി മാർക്ക് : 100** | |

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ലാഹോർ സമ്മേളനവുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള തീരുമാനങ്ങളിൽ ചുവടെയുള്ള ഏതൊക്കെ പ്രസ്താവനകൾ ശരിയാണ് ?
   i. ജവഹർലാൽ നെഹ്റുവിനെ കോൺഗ്രസിന്റെ പ്രസിഡണ്ടായി തിരഞ്ഞെടുത്തു.
   ii. കോൺഗ്രസിന്റെ ലക്ഷ്യം പൂർണ്ണ സ്വരാജ് ആണെന്ന് പ്രഖ്യാപിച്ചു.
   iii. ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമലംഘന പ്രസ്ഥാനം ആരംഭിക്കാൻ തീരുമാനിച്ചു.

   A) i മാത്രം ശരി
   B) ii മാത്രം ശരി
   C) iii മാത്രം ശരി
   D) i, ii, iii എന്നിവയെല്ലാം ശരിയാണ്

2. ക്വിറ്റിന്ത്യാ സമരവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ള ഏതൊക്കെ പ്രസ്താവനകൾ ശരിയാണ് ?
   i. പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന മന്ത്രവുമായി സമരരംഗത്തിറങ്ങാൻ ഗാന്ധിജി ജനങ്ങളോട് ആവശ്യപ്പെട്ടു.
   ii. ബോംബെയിൽ ചേർന്ന കോൺഗ്രസ് സമ്മേളനമാണ് ക്വിറ്റിന്ത്യാ സമരം തുടങ്ങാൻ തീരുമാനമെടുത്തത്.
   iii. ഗാന്ധിജി ഈ സമരത്തെ 'പിൻതീയ്യതിവെച്ച ചെക്ക്' എന്ന് വിശേഷിപ്പിച്ചു.

   A) i മാത്രം ശരി
   B) ii മാത്രം ശരി
   C) i, ii മാത്രം ശരി
   D) iii മാത്രം ശരി

3. മാവോസേതുങ്ങുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന ഏതൊക്കെ പ്രസ്താവനകൾ ശരിയാണ് ?
   i. 1911-ലെ ചൈനീസ് വിപ്ലവത്തിന്റെ നേതാവായിരുന്നു.
   ii. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായിരുന്നു.
   iii. ലോങ്ങ് മാർച്ചിന്റെ നേതാവായിരുന്നു.
   iv. 1949 ഒക്ടോബർ 1-ന് ജനകീയ ചൈനീസ് റിപ്പബ്ലിക്കിന്റെ ചെയർമാനായി സ്ഥാനമേറ്റു.

   A) i മാത്രം ശരി
   B) ii, iii, iv മാത്രം ശരി
   C) ii, iii മാത്രം ശരി
   D) iii, iv മാത്രം ശരി

4. പഴശ്ശി കലാപവുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന ഏതൊക്കെ പ്രസ്താവനകൾ ശരിയാണ് ?
   i. കോട്ടയം പ്രദേശത്തെ നികുതി പിരിക്കാനുള്ള അവകാശം പഴശ്ശിയുടെ അമ്മാവനായ കുറുമ്പ്രനാട്ട് രാജക്ക് നൽകിയത് കലാപകാരണമായി.
   ii. ഗോത്രവർഗ്ഗക്കാരായ കുറിച്യരുടേയും കുറുമ്പരുടെയും സഹായം കലാപത്തിന് ലഭിച്ചു.
   iii. വയനാട്ടിലെ കോൽക്കാരുടെ സഹായത്തോടെ ബ്രിട്ടീഷുകാർ പഴശ്ശിയുടെ താവളം കണ്ടെത്തി.
   iv. തിരുവിതാംകൂറിലെ രാജാവായിരുന്നു പഴശ്ശിരാജ.

   A) i, ii എന്നിവ മാത്രം ശരിയാണ്
   B) ii, iii എന്നിവ മാത്രം ശരിയാണ്
   C) iv മാത്രം ശരിയാണ്
   D) i, ii, iii എന്നിവ മാത്രം ശരിയാണ്

5. ഇന്ത്യാ-പാകിസ്ഥാൻ വിഭജനകാലത്തെ ദുരിതങ്ങൾ വിവരിക്കുന്ന ''നിശബ്ദതയുടെ മറുവശം'' ('അദർ സൈഡ് ഓഫ് സൈലൻസ്') എന്ന കൃതി എഴുതിയതാര് ?
   A) ഉർവശി ഭൂട്ടാലിയ
   B) അരുന്ധതി റോയ്
   C) മഹാശ്വേതാദേവി
   D) സുഭദ്ര കുമാരി ചൗഹാൻ

6. ഇന്ത്യൻ ബഹിരാകാശ സഞ്ചാരിയായ ശുഭാൻഷു ശുക്ലയുടെ നേതൃത്വത്തിൽ നടന്ന ബഹിരാകാശ ദൗത്യത്തിന്റെ പേരെന്താണ് ?
   A) ചന്ദ്രയാൻ
   B) ഗഗൻയാൻ
   C) ആക്സിയം 4
   D) സ്പിരിറ്റ് 4

7. ദക്ഷിണ അമേരിക്കയുടെ പടിഞ്ഞാറൻ തീരത്ത് കൂടി ഒഴുകുന്ന സമുദ്രജല പ്രവാഹം
   A) ഹംബൾട്ട് പ്രവാഹം
   B) ബെൻഗ്വേലാ പ്രവാഹം
   C) ഒയാഷിയോ പ്രവാഹം
   D) ഗൾഫ് സ്ട്രീം

8. ഏത് അന്താരാഷ്ട്ര ഉടമ്പടിയാണ് ഓസോൺ ശോഷണത്തിന് കാരണമാവുന്ന ഉത്പന്നങ്ങളുടെ ഉത്പാദനം കുറക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നത് ?
   A) ക്യോട്ടോ പ്രോട്ടോക്കാൾ
   B) പാരിസ് എഗ്രിമെന്റ്
   C) മോൺട്രിയാൽ പ്രോട്ടോക്കാൾ
   D) ബേസൽ കൺവെൻഷൻ

9. ഇന്ത്യൻ ഉപഗ്രഹങ്ങൾ തമ്മിൽ ഓർബിറ്റിലുള്ള ഡോക്കിംഗ് വിജയകരമായി നടത്തിയ ദൗത്യം ഏത് പേരിൽ അറിയപ്പെടുന്നു ?
   A) ആദിത്യ – L1
   B) SpaDeX
   C) NISAR
   D) ചാന്ദ്രയാൻ – 4

10. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏതാണ് എന്ന് കണ്ടെത്തുക.
    i. സഹാറ മരുഭൂമിലെ ഹർമാറ്റൺ കടുത്ത ചൂട് കുറക്കുന്നതിന് സഹായകമാവുന്നു.
    ii. ഉത്തരേന്ത്യൻ സമതലങ്ങളിൽ വീശുന്ന ഉഷ്ണക്കാറ്റാണ് ലൂ.
    iii. വടക്കെ അമേരിക്കയിലെ റോക്കി പർവ്വത ചരിവിൽ ഫൊൻ ശീതക്കാറ്റ് വീശുന്നു.
    A) i Only
    B) i and ii
    C) i, ii and iii
    D) i and iii

11. ചിൽക്കാ തടാകം ഏത് നദീ ഡൽറ്റകൾക്കിടയിലാണ് സ്ഥിതി ചെയ്യുന്നത് ?
    A) ഗോദാവരി – കൃഷ്ണ ഡൽറ്റ
    B) ഗംഗ – മഹാനദി ഡൽറ്റ
    C) മഹാനദി – ഗോദാവരി ഡൽറ്റ
    D) കൃഷ്ണ – കാവേരി ഡൽറ്റ

12. സർദാർ സരോവർ പദ്ധതിയുടെ ഗുണഭോക്താക്കളായ സംസ്ഥാനങ്ങൾ
    A) ഗുജറാത്ത്, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, രാജസ്ഥാൻ
    B) രാജസ്ഥാൻ, കർണ്ണാടക, മഹാരാഷ്ട്ര, ഗുജറാത്ത്
    C) പഞ്ചാബ്, രാജസ്ഥാൻ, ഗുജറാത്ത്, തെലുങ്കാന
    D) രാജസ്ഥാൻ, ഗുജറാത്ത്, മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ്

13. നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ പേര് കണ്ടെത്തുക.
    1. നഗരങ്ങളിലെ തൊഴിൽ രഹിതർക്കാണ് ഈ പദ്ധതികൊണ്ടുള്ള പ്രയോജനം.
    2. സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നു.
    3. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമാണ്.

    A) അന്ത്യോദയ അന്നയോജന
    B) അന്നപൂർണ്ണ
    C) സ്വർണ്ണ ജയന്തി ഷഹാരി റോസ്ഗർ യോജന
    D) ഗ്രാമസമൃദ്ധി

14. 'ദേശീയ തൊഴിലുറപ്പ് പദ്ധതി' പ്രഖ്യാപിക്കപ്പെട്ടത് ഏത് പഞ്ചവൽസര പദ്ധതി കാലത്താണ് ?
    A) അഞ്ചാം പഞ്ചവത്സര പദ്ധതി
    B) പത്താം പഞ്ചവത്സര പദ്ധതി
    C) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി
    D) ഇവയൊന്നുമല്ല

15. താഴെപ്പറയുന്നവയിൽ 'നീതി ആയോഗിന്റെ' ലക്ഷ്യമല്ലാത്തത്
    i. വ്യവസായ – സേവന മേഖലകളിൽ സർക്കാർ പങ്കാളിത്തം കുറയ്ക്കുക.
    ii. മിശ്രകാർഷിക ഉൽപ്പാദനത്തിലൂടെ കാർഷികമേഖലയെ പുരോഗതിയിലേക്കെത്തിക്കുക.
    iii. പ്രവാസി ഇന്ത്യക്കാരുടെ സേവനം സാമ്പത്തിക-സാങ്കേതിക വളർച്ചയ്ക്ക് ഉപയുക്തമാക്കുക.
    iv. ആഗോള മാറ്റങ്ങളുടെയും വിപണിശക്തികളുടെയും ഇടപെടലുകൾ നേരിടാൻ രാജ്യത്തെ പ്രാപ്തമാക്കുക.

    A) i
    B) i, ii
    C) i, ii, iii
    D) ഇവയൊന്നുമല്ല

16. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ ലക്ഷ്യം
    A) സ്ത്രീ ശാക്തീകരണം
    B) ദാരിദ്ര്യ നിർമ്മാർജ്ജനം
    C) സ്വയംപര്യാപ്തത
    D) സുസ്ഥിര വികസനം

17. ഇന്ത്യൻ സ്വർണ്ണ നിക്ഷേപം ഏറ്റവും കൂടുതലുള്ള കോളാർ സ്വർണ്ണ ഖനികൾ സ്ഥിതിചെയ്യുന്ന സംസ്ഥാനം
    A) മധ്യപ്രദേശ്
    B) ബീഹാർ
    C) കർണ്ണാടക
    D) തെലുങ്കാന

18. ആഗോളവൽക്കരണം ഒരു നയമല്ല, ഒരു പ്രതിഭാസമാണ് എന്ന അഭിപ്രായം ആരുടേതാണ് ?
    A) അമർത്യസെൻ
    B) ജെ. എം. കെയ്ൻസ്
    C) മൻമോഹൻ സിങ്
    D) ജോസഫ് ഷുംപീറ്റർ

19. 'ലെയ്സസ് ഫെയർ' എന്ന തിയറിയുടെ ഉപജ്ഞാതാവ്
    A) കാൾ മാക്സ്
    B) ആഡംസ്മിത്ത്
    C) അമർത്യസെൻ
    D) ജെ. ബി. സേ

20. ഇന്ത്യൻ ഭരണഘടനാ നിർമ്മാണസമിതിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?
   i. ഭരണഘടനാ നിർമ്മാണ സഭ എന്ന ആശയം മുന്നോട്ടുവച്ചത്, M.N. റോയ് (1934) ആണ്.
   ii. ആദ്യസമ്മേളനം നടന്നത് 1946 ഡിസംബർ 9-നാണ്.
   iii. ഭരണഘടന എഴുതി തയ്യാറാക്കി അംഗീകാരം ലഭിച്ചത് 1949 നവംബർ 26-നാണ്.
   iv. സഭയുടെ ആദ്യത്തെ പ്രസിഡന്റ് Dr. രാജേന്ദ്ര പ്രസാദ് ആയിരുന്നു.

   A) i, ii and iv
   B) i and ii
   C) i, ii and iii
   D) i, ii, iii and iv

21. ജവഹർലാൽ നെഹ്റു ഭരണഘടനാ നിർമ്മാണ സമിതിയുടെ അസംബ്ലിയിൽ അവതരിപ്പിച്ച ലക്ഷ്യപ്രമേയത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഭരണഘടനയുടെ ഭാഗം ഏത് ?

   A) നിർദ്ദേശകതത്ത്വങ്ങൾ
   B) ആമുഖം
   C) മൗലിക അവകാശങ്ങൾ
   D) മൗലിക കടമകൾ

22. ഇന്ത്യൻ പൗരത്വവുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?
   i. ഏകപൗരത്വം എന്ന ആശയം ഇന്ത്യ കടമെടുത്തത് ബ്രിട്ടീഷ് ഭരണഘടനയിൽ നിന്നുമാണ്.
   ii. ഭരണഘടനയുടെ ഭാഗം-IV-ൽ പൗരത്വത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.
   iii. ഇന്ത്യൻ പൗരത്വം ആർജ്ജിക്കാനുള്ള ഒരു മാർഗ്ഗമാണ് 'ചിരകാലവാസം' (Naturalisation).
   iv. ഭരണഘടനയുടെ വകുപ്പ് 4 മുതൽ 12 വരെ പൗരത്വത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.

   A) iv Only
   B) iii Only
   C) iii and iv
   D) i and iv

23. ചേരുംപടി ചേർക്കുക.

| A | | B | |
|---|---|---|---|
| 1. | ഹേബിയസ്കോർപ്പസ് | A. | എന്ത് അധികാരത്തിൽ ? |
| 2. | മാൻഡമസ് | B. | ശരീരം ഹാജരാക്കുക |
| 3. | ക്വോവാറന്റോ | C. | ഞങ്ങൾ ആജ്ഞാപിക്കുന്നു |
| 4. | പ്രൊഹിബിഷൻ | D. | റദ്ദാക്കുക |

   A) 1 – B, 2 – A, 3 – C, 4 – D
   B) 1 – B, 2 – A, 3 – D, 4 – C
   C) 1 – B, 2 – C, 3 – D, 4 – A
   D) 1 – B, 2 – C, 3 – A, 4 – D

24. ഇന്ത്യൻ ഭരണഘടനയുടെ വകുപ്പ് 44 ഉൾപ്പെട്ടിരിക്കുന്നത് ഭരണഘടനയുടെ ഏത് തത്ത്വങ്ങളിലാണ് ?
   A) മൗലിക കർത്തവ്യങ്ങളിൽ
   B) സുപ്രീംകോടതിയുടെ അധികാരത്തിൽ
   C) ഗവർണ്ണറുടെ അധികാരം
   D) നിർദ്ദേശകതത്ത്വങ്ങളിൽ

25. ചേരുംപടി ചേർക്കുക.

| A | | B | |
|---|---|---|---|
| 1. | ഇന്ത്യയുടെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ | A. | ആർ. വെങ്കിട്ടരമണി |
| 2. | കേന്ദ്രപ്രതിരോധ മന്ത്രി | B. | ഗ്യാനേഷ്കുമാർ |
| 3. | ഇന്ത്യയുടെ അറ്റോർണിജനറൽ | C. | ഓം ബിർള |
| 4. | ലോകസഭാ സ്പീക്കർ | D. | രാജ്നാഥ് സിങ് |

   A) 1 – B, 2 – D, 3 – A, 4 – C
   B) 1 – B, 2 – A, 3 – C, 4 – D
   C) 1 – A, 2 – B, 3 – C, 4 – D
   D) 1 – A, 2 – C, 3 – B, 4 – D

26. BNSS ന്റെ പൂർണ്ണരൂപം ഏത് ?
   A) ഭാരതീയ ന്യായ സുരക്ഷാ സംഹിത
   B) ഭാരതീയ നാഗരിക് സാമൂഹ്യ സംഹിത
   C) ഭാരതീയ നാഗരിക് സുരക്ഷാ സംഹിത
   D) ഭാരതീയ നഗര സ്റ്റേറ്റ് സ്കീം

27. സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കിയ പ്രതിഭാപദ്ധതി ഏത് വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ളതാണ് ?
   A) രക്ഷകർത്താക്കൾ നഷ്ടപ്പെട്ട പെൺകുട്ടിയ്ക്ക് വേണ്ടി
   B) ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വേണ്ടി
   C) വിധവകളുടെ ക്ഷേമത്തിനായി
   D) വികലാംഗരുടെ പുനരധിവാസത്തിനായി

28. കേരളസർക്കാരിന്റെ അഡ്മിനിസ്ട്രേറ്റീവ് കേഡറായ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (KAS) ആരംഭിച്ചത് എന്നുമുതൽ ?
   A) 2018-ൽ
   B) 2019-ൽ
   C) 2020-ൽ
   D) 2017-ൽ

29. 2024-ലെ കണക്ക് അനുസരിച്ച്, കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം, തൊഴിലില്ലായ്മ നിരക്ക് ഏറ്റവും കൂടിയ സംസ്ഥാനം ഏത് ?
   A) ഗുജറാത്ത്
   B) ഉത്തർപ്രദേശ്
   C) കേരളം
   D) തമിഴ്നാട്

30. കേരള കർഷക കടാശ്വാസ കമ്മീഷൻ _________ വർഷം രൂപീകരിക്കുകയും അതിന്റെ ആസ്ഥാനം സ്ഥിതിചെയ്യുന്നത് ___________ സ്ഥലത്തുമാണ്.
A) 2006, തിരുവനന്തപുരം
B) 2007, എറണാകുളം
C) 2009, മലപ്പുറം
D) 2007, തിരുവനന്തപുരം

31. ഗാർഹിക പീഡന നിയമബില്ലിൽ ഒപ്പുവച്ച രാഷ്ട്രപതി ആര് ?
A) K.R. നാരായണൻ
B) പ്രതിഭാ പാട്ടീൽ
C) A.P.J. അബ്ദുൾ കലാം
D) പ്രണബ് മുഖർജി

32. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (SDMA) ഒരു _________ സ്ഥാപനമാണ്.
A) ഭരണഘടനാ സ്ഥാപനം (Constitutional Body)
B) നിയമാനുസൃത സ്ഥാപനം (Statutory Body)
C) എക്സിക്യൂട്ടീവ് സ്ഥാപനം
D) ഇതൊന്നുമല്ല

33. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി പുനരുജ്ജീവിപ്പിക്കാൻ കൃഷിവകുപ്പും പട്ടികവർഗ്ഗ വികസനവകുപ്പും സംയുക്തമായി നടപ്പിലാക്കിയ പദ്ധതി ഏത് ?
A) മില്ലറ്റ് വില്ലേജ് പദ്ധതി
B) സ്വയംപ്രഭ പദ്ധതി
C) അനന്യം പദ്ധതി
D) വിജയാമൃതം പദ്ധതി

34. മനുഷ്യനിൽ രക്തം കട്ടപിടിക്കാനാവശ്യമായ വിറ്റാമിനേത് ?
A) വിറ്റാമിൻ കെ
B) വിറ്റാമിൻ ഡി
C) വിറ്റാമിൻ സി
D) വിറ്റാമിൻ എ

35. ലോകാരോഗ്യ ദിനമായി ആചരിക്കുന്നത്
A) ഡിസംബർ – 7
B) ഒക്ടോബർ – 7
C) നവംബർ – 7
D) ഏപ്രിൽ – 7

36. ജൈവ വൈവിധ്യമെന്ന നാമം ജനകീയമാക്കിയ സാമൂഹ്യ ജീവശാസ്ത്രജ്ഞനാണ്
A) എഡ്വേഡ് ജെന്നർ
B) എഡ്വേഡ് വിൽസൺ
C) അലക്സാണ്ടർ വോൺ ഹമ്പോൾട്ട്
D) അലക്സാണ്ടർ ഫ്ലെമ്മിങ്

37. മനുഷ്യ ശരീരത്തിലെ ഏറ്റവും നീളം കൂടിയ അസ്ഥിയേത് ?
A) ഫീമർ
B) ഫിബുല
C) ഹ്യൂമെറസ്
D) റേഡിയസ്

38. മലേറിയ ഉണ്ടാക്കുന്ന രോഗാണുവേത് ?
A) മൈക്രോ പ്ലാസ്മ
B) മൈക്രോ ബാക്ടീരിയം
C) പ്ലാസ്മോഡിയം
D) റിട്രോ വൈറസ്

39. താഴെ തന്നിരിക്കുന്നവയിൽ പോളീജെനിക്ക് പാരമ്പര്യത്തിനുദാഹരണമേത് ?
A) മനുഷ്യ രക്ത ഗ്രൂപ്പുകൾ
B) പയർ ചെടിയുടെ പൂവിന്റെ നിറം
C) മനുഷ്യ മൂക്കിന്റെ ആകൃതി
D) മനുഷ്യ ത്വക്കിന്റെ നിറം

40. ഏത് മന്ത്രിസഭയുടെ കീഴിലാണ് ഇന്ത്യാ സെമികണ്ടക്ടർ മിഷൻ (ഐ. എസ്. എം.) പ്രവർത്തിക്കുന്നത് ?
   A) സയൻസ് ആന്റ് ടെക്നോളജിയുടെ മന്ത്രിസഭ
   B) ഇലക്ട്രോണിക്സിന്റെയും ഇൻഫോർമേഷൻ ടെക്നോളജിയുടെയും മന്ത്രിസഭ
   C) കൊമേഴ്സിന്റെയും വ്യവസായത്തിന്റെയും മന്ത്രിസഭ
   D) ഹെവി വ്യവസായങ്ങളുടെ മന്ത്രിസഭ

41. 2025-ലെ ഐ. സി. സി. ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് മൽസരം ജയിച്ച രാജ്യമേത് ?
   A) ഇന്ത്യ B) ഓസ്ട്രേലിയ C) ന്യൂസിലന്റ് D) ശ്രീലങ്ക

42. ആകാശം നീല നിറത്തിൽ കാണുവാൻ കാരണമായ പ്രകാശത്തിന്റെ പ്രതിഭാസം ഏതാണ് ?
   A) അപവർത്തനം B) പ്രകീർണ്ണനം
   C) വിസരണം D) പ്രതിപതനം

43. 25 kg മാസുള്ള ഒരു വസ്തു ഭൂഗുരുത്വാകർഷണബലത്താൽ നിർബാധം താഴേയ്ക്ക് പതിക്കുമ്പോൾ അതിന്റെ ഭാരം എത്രയായിരിക്കും ?
   A) 25 N B) 25 kgwt C) 245 N D) പൂജ്യം

44. കർണാടകയിലെ ബീജാപൂരിലുള്ള ഗോൾഗുമ്പസ് എന്ന മർമര ഗോപുരത്തിനുള്ളിൽ ഒരു ചെറിയ ശബ്ദം ഉണ്ടാക്കുകയാണെങ്കിൽ പോലും ആ ശബ്ദം ഗാലറിക്കുള്ളിൽ ആവർത്തിച്ച് കേൾക്കാം. ഇതിന് കാരണം ശബ്ദത്തിന്റെ ഏത് പ്രതിഭാസമാണ് ?
   A) അനുരണനം B) പ്രതിധ്വനി
   C) പ്രതിപതനം D) അപവർത്തനം

45. സ്പെയിസിൽ പോയ ആദ്യത്തെ ഇന്ത്യക്കാരൻ ആരാണ് ?
   A) ശുഭാംശു ശുക്ല B) രാകേഷ് ശർമ്മ
   C) കൽപനാ ചൗള D) സുനിത വില്യംസ്

46. റഷ്യയിലെ വ്യോമത്താവളത്തിൽ യുക്രയിൻ നടത്തിയ ഡ്രോൺ ആക്രമണത്തിന് നൽകിയ പേര് എന്താണ് ?
   A) ഓപ്പറേഷൻ സ്പൈഡേഴ്സ് വെബ് B) ഓപ്പറേഷൻ സിന്ദൂർ
   C) ഓപ്പറേഷൻ മിഡ്നൈറ്റ് ഹാമർ D) ഓപ്പറേഷൻ ട്രൂ പ്രോമിസ്

47. താഴെ പറയുന്നവയിൽ ജലത്തിൽ പി എച്ച് മൂല്യം ഏറ്റവും കൂടുതൽ കാണിക്കുന്ന ലവണമേത് ?
   A) പൊട്ടാസ്യം ക്ലോറൈഡ് B) സോഡിയം ക്ലോറൈഡ്
   C) സോഡിയം കാർബണേറ്റ് D) കോപ്പർ സൽഫേറ്റ്

48. ചൂടാക്കുമ്പോൾ നൈട്രജൻ വാതകം പുറത്തുവിടുന്ന സംയുക്തമേത് ?
   A) സോഡിയം നൈട്രേറ്റ് B) സിൽവർ നൈട്രേറ്റ്
   C) ബേരിയം നൈട്രേറ്റ് D) അമോണിയം നൈട്രേറ്റ്

49. താഴെ പറയുന്നവയിൽ രൂപാന്തരത്വം കാണിക്കാത്ത മൂലകമേത് ?
   A) നൈട്രജൻ B) ബിസ്മത്ത്
   C) ആന്റിമണി D) ആർസെനിക്

50. 2025-ൽ ഉദ്ഘാടനം ചെയ്ത ഇന്ത്യയിലെ ആദ്യത്തെ കേബിൾ റെയിൽവേ പാലം

A) ചെനാബ് പാലം
B) പാമ്പൻ പാലം
C) ആൻജിഘട്ട്
D) സുദർശൻ സേതു

51. 2025-ലെ ഐ. സി. സി. ലോകടെസ്റ്റ് ചാമ്പ്യൻഷിപ്പ് കിരീടം നേടിയ ടീമിന്റെ പ്ലയർ ഓഫ് ദി മാച്ച് ആര് ?

A) സ്റ്റീവ് സ്മിത്ത്
B) പാറ്റ്കമിൻസ്
C) എയ്ഡൻ മാർക്രം
D) വിയാൻ മുൾഡർ

52. ശരിയായ ജോഡി തെരഞ്ഞെടുക്കുക.

i. അയ്യങ്കാളി – സാധുജനപരിപാലന സംഘം

ii. വാഗ്ഭടാനന്ദൻ – പ്രത്യക്ഷരക്ഷാ ദൈവസഭ

iii. ശ്രീനാരായണഗുരു – ശ്രീനാരായണ ധർമ്മപരിപാലന യോഗം

A) i and ii മാത്രം
B) i and iii മാത്രം
C) ii മാത്രം
D) എല്ലാം ശരിയാണ് (i, ii and iii)

53. 'എഴുത്തച്ഛൻ പുരസ്ക്കാര'വുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന ഏത് ?

i. കേരള സർക്കാരിന്റെ ഏറ്റവും വലിയ സാഹിത്യ ബഹുമതിയാണ് എഴുത്തച്ഛൻ പുരസ്ക്കാരം.

ii. 5 ലക്ഷം രൂപയും പ്രശസ്തി പത്രവും ശില്പവും അടങ്ങുന്നതാണ് അവാർഡ്.

iii. 2024-ലെ എഴുത്തച്ഛൻ പുരസ്ക്കാരം ലഭിച്ചത് ശൂരനാട് കുഞ്ഞൻപിള്ളയ്ക്കാണ്.

A) i മാത്രം
B) i and ii മാത്രം
C) iii മാത്രം
D) ii and iii

54. കേരളത്തിലെ പ്രധാന ആഘോഷങ്ങളെക്കുറിച്ച് താഴെക്കൊടുക്കുന്നു. ശരിയായവ കണ്ടെത്തുക.

i. തിരുവാതിര – ധനുമാസത്തിലെ തിരുവാതിര നക്ഷത്രത്തിൽ ആഘോഷിക്കുന്നു

ii. ഓണം – കേരളത്തിന്റെ ദേശീയോത്സവം

iii. വിഷു – പുതുവർഷാരംഭത്തേയും പ്രകൃതിയുടെ ഉണർവ്വിനേയും സൂചിപ്പിക്കുന്നു

A) i മാത്രം
B) എല്ലാം ശരിയാണ് (i, ii and iii)
C) ii മാത്രം
D) iii മാത്രം

55. 2024-ലെ പാരീസ് ഒളിമ്പിക്സിന്റെ സമാപന ചടങ്ങിൽ ഇന്ത്യൻ പതാകയേന്തിയത് ?

i. പി. വി. സിന്ധു, പി. ടി. ഉഷ

ii. പി. ആർ. ശ്രീജേഷ്, മനുഭാക്കർ

iii. നീരജ് ചോപ്ര, പി. വി. സിന്ധു

A) ii and iii മാത്രം
B) i and iii മാത്രം
C) i മാത്രം
D) ii മാത്രം

56. കെ. ആർ. മീരയുടെ കൃതികളിൽ ഉൾപ്പെടാത്തത് ഏത് ?

i. ആരാച്ചാർ, മീരാസാധു, ആ മരത്തേയും മറന്നുമറന്നു ഞാൻ

ii. ആവേ മരിയ, ഓർമ്മയുടെ ഞരമ്പ്, ഗില്ലറ്റിൻ

iii. അമാവാസി, ഗസൽ, മാനസാന്തരം

A) iii മാത്രം
B) i, ii and iii
C) i and iii
D) i and ii മാത്രം

57. 'ഓപ്പറേഷൻ സിന്ദൂറു'മായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏവ ?
   i. ജമ്മു-കാശ്മീരിലെ പഹൽഗാം ഭീകരാക്രമണത്തിന് ഇന്ത്യ നൽകിയ തിരിച്ചടി യാണ് 'ഓപ്പറേഷൻ സിന്ദൂർ'.
   ii. 2025-മെയ് 7-ന് ആയിരുന്നു ഇത് നടന്നത്.
   iii. ഈ ആക്രമണത്തിൽ ഇന്ത്യൻ കര, വ്യോമ, നാവികസേനകൾ പങ്കെടുത്തു.
   A) i മാത്രം
   B) iii മാത്രം
   C) എല്ലാം ശരിയാണ് (i, ii and iii)
   D) ഒന്നും ശരിയല്ല

58. യു. എൻ. സുസ്ഥിരവികസന റിപ്പോർട്ട് റാങ്കിംഗ് 2025-ൽ ഉൾപ്പെട്ട രാജ്യങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു. ശരിയായത് കണ്ടെത്തുക.
   i. ഒന്നാം സ്ഥാനം – ഫിൻലാൻഡ്
   ii. രണ്ടാം സ്ഥാനം – സ്വീഡൻ
   iii. മൂന്നാം സ്ഥാനം – ഇന്ത്യ
   A) iii മാത്രം
   B) ii മാത്രം
   C) i മാത്രം
   D) i and ii മാത്രം

59. താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായവ ഏത് ?
   i. ഒരു സോഫ്റ്റ്‌വെയറിന്റെ കോപീസ് വിതരണം ചെയ്യുന്നതിനുള്ള ഫ്രീഡം, ഫ്രീ സോഫ്റ്റ് വെയർ ഫൗണ്ടേഷന്റെ ഫ്രീഡം 2 -ൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.
   ii. ഒരു സോഫ്റ്റ് വെയർ വാങ്ങുന്നതിനു മുമ്പ് ചില ഭാഗങ്ങൾ മാത്രം ഉപയോഗിച്ചു നോക്കി വാങ്ങുവാൻ കഴിയുന്ന സോഫ്റ്റ് വെയേഴ്സിനെ ആണ് ഷെയർവെയർ എന്നു പറയുന്നത്.
   iii. GNU/LINUX സോഫ്റ്റ് വെയർ ഫ്രീ എൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറിനു ഉദാഹരണമാണ്.
   A) എല്ലാം ശരിയാണ്
   B) i മാത്രം ശരി
   C) ii, iii മാത്രം ശരിയാണ്
   D) എല്ലാം തെറ്റാണ്

60. താഴെ തന്നിരിക്കുന്ന നെറ്റ്‌വർക്കിനെ കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏതാണ് ?
   i. ഡിജിറ്റൽ സിഗ്നലുകളെ അനലോഗ് സിഗ്നലുകളാക്കി മാറ്റാൻ മോഡം ഉപയോഗിക്കുന്നു.
   ii. സിഗ്നലുകളെ പുനർ നിർമ്മിക്കുവാൻ വേണ്ടി റിപ്പീറ്റേഴ്സ് ഉപയോഗിക്കുന്നു.
   iii. ഒരു സ്കൂൾ കാമ്പസ് പരിധിയിൽ വരുന്ന നെറ്റ്‌വർക്ക് മെട്രോപൊളിറ്റർ ഏരിയ നെറ്റ്‌വർക്ക് ആണ്.
   A) i, ii
   B) i, ii, iii
   C) iii
   D) ii

61. വിത്തുകളുടെ ഉത്പാദന, വിതരണ ശൃംഖല ഫലപ്രദമായി നിരീക്ഷിക്കാനും, വിത്തുകൾ പ്രഭവസ്ഥാനത്തിൽ നിന്നൊരു കർഷകന് എത്തുന്നതുവരെ പൂർണ്ണമായി പിന്തുടരാനും കഴിയുന്ന ഒരു ഡിജിറ്റൽ ഇക്കോസിസ്റ്റം ഭാരത സർക്കാർ 2023-ൽ തുടങ്ങിയിട്ടുണ്ട്. അതിന്റെ പേര്
   A) സാഥി
   B) ഹരിതം
   C) നൻമ
   D) പച്ച

62. സൈബർ ക്രൈം ഇരകൾക്ക് ജൂറിസ്ഡിക്ഷൻ പരിമിതികൾ മറികടന്ന് ഓൺലൈനായി FIR നൽകാൻ കഴിയുന്ന ഭാരത സർക്കാർ സംരംഭം
   A) o-FIR
   B) e-FIR
   C) e-Zero FIR
   D) Online FIR

63. സെർവർ സൈഡ് സ്ക്രിപ്റ്റിങ്ങ് ഭാഷകൾക്ക് ഒരു ഉദാഹരണം ഏതാണ് ?
A) Perl B) C++ C) Java D) BASIC

64. മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി മാത്രം നടപ്പിലാക്കിയ നിയമനിർമ്മാണം
A) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലനവും ക്ഷേമവും സംബന്ധിച്ച നിയമം, 2007
B) സീനിയർ സിറ്റിസൺസ് ആക്ട്, 2007
C) മുതിർന്ന പൗരന്മാരുടെ സംരക്ഷണ നിയമം, 2007
D) മുകളിൽ പറഞ്ഞവ ഒന്നുമല്ല

65. താഴെ പറയുന്നവയിൽ ഏതാണ് "ഉപഭോക്തൃ അവകാശങ്ങളിൽ" ഉൾപ്പെടുന്നത് ?
A) ജീവനും സ്വത്തിനും അപകടകരമായ വസ്തുക്കളുടെ വിപണനത്തിനെതിരെ സംരക്ഷണം ലഭിക്കാനുള്ള അവകാശം
B) അന്യായമായ വ്യാപാര രീതിക്കെതിരെ പരിഹാരം തേടാനുള്ള അവകാശം
C) ഉപഭോക്തൃ അവബോധത്തിനുള്ള അവകാശം
D) മുകളിലുള്ളതെല്ലാം

66. താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി ?
A) കേന്ദ്ര വിവരാവകാശ ഓഫീസറെ പ്രധാനമന്ത്രി നിയമിക്കും
B) ലോക്സഭയിലെ പ്രതിപക്ഷ നേതാവിന്റെ ശുപാർശ പ്രകാരമാണ് കേന്ദ്ര വിവരാവകാശ ഓഫീസറെ നിയമിക്കുന്നത്
C) രാജ്യസഭയിലെ പ്രതിപക്ഷ നേതാവിന്റെ ശുപാർശ പ്രകാരമാണ് കേന്ദ്ര വിവരാവകാശ ഓഫീസറെ നിയമിക്കുന്നത്
D) മുകളിലുള്ളതെല്ലാം

67. ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം നടപ്പിലാക്കിയ വർഷം
A) 2011 B) 2013 C) 2012 D) 2014

68. താഴെപ്പറയുന്നവയിൽ ഏത് നിയമമാണ് ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ ഭരണഘടനയ്ക്ക് വ്യവസ്ഥ ചെയ്യുന്നത് ?
A) നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റീസ് ആക്ട്, 1992
B) ഇന്ത്യൻ ന്യൂനപക്ഷ നിയമം, 1992
C) 1992-ലെ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നിയമം
D) മുകളിൽ പറഞ്ഞവ ഒന്നുമല്ല

69. താഴെ പറയുന്നവയിൽ ഏതാണ് ദേശീയ പ്രതിസന്ധി മാനേജ്മെന്റ് കമ്മിറ്റിയുടെ ഭരണഘടനയ്ക്ക് വ്യവസ്ഥ ചെയ്യുന്നത് ?
A) ദേശീയ ദുരന്ത നിവാരണ അതോറിറ്റി നിയമം, 2005
B) ദേശീയ അടിയന്തര നിയമം, 2005
C) ദുരന്തനിവാരണ നിയമം, 2005
D) മുകളിൽ പറഞ്ഞവ ഒന്നുമല്ല

70. 2025 ഓഗസ്റ്റിൽ യുവാക്കളുടെ തൊഴിൽ വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച പദ്ധതി.
A) പ്രധാൻമന്ത്രി യുവ യോജന
B) പ്രധാൻമന്ത്രി വിക്സിത് ഭാരത് റോസ്ഗർ യോജന
C) പ്രധാൻമന്ത്രി കൗശൽ വികാസ് യോജന
D) യുവജന കൗമാര വികസനത്തിനായുള്ള ദേശീയ പരിപാടി

71. 7 സംഖ്യകളുടെ ശരാശരി 31 ആണ്. 39 എന്ന സംഖ്യ കൂടി ചേർത്താൽ 8 സംഖ്യ കളുടെ ശരാശരി എത്രയാണ് ?

A) 35 B) 36 C) 33 D) 32

72. $\frac{5}{1-\sqrt{3}} =$

A) $\frac{5}{2}(1+\sqrt{3})$ B) $\frac{5}{2}(\sqrt{3}-1)$

C) $\frac{-5}{2}(1+\sqrt{3})$ D) $\frac{5}{2}(1-\sqrt{3})$

73. വൃത്താകൃതിയിലുള്ള ഒരു കളിസ്ഥലത്തിന്റെ വ്യാസം 49 മീ. ആണ്. മീറ്ററിനു 40 പൈസ നിരക്കിൽ കളിസ്ഥലത്തിനു ചുറ്റും വേലി കെട്ടുന്നതിനുള്ള ചെലവ് എത്ര രൂപയാണ് ?

A) 61.60 രൂപ B) 62.30 രൂപ

C) 65.10 രൂപ D) ഇവയൊന്നുമല്ല

74. 12% കിഴിവ് ലഭിച്ച ശേഷം ഒരാൾ 330 രൂപയ്ക്ക് ഒരു സൈക്കിൾ വാങ്ങുന്നു. എങ്കിൽ സൈക്കിളിന്റെ അടയാളപ്പെടുത്തിയ വില എത്രയാണ് ?

A) 375 രൂപ B) 385 രൂപ C) 345 രൂപ D) 355 രൂപ

75. $(81)^{-4} \div (729)^{2-x} = 9^{4x}$ എങ്കിൽ x =

A) –12 B) –14 C) –16 D) –10

76. രണ്ട് സംഖ്യകളുടെ ല.സാ.ഗു ഉം ഉസാഘയും യഥാക്രമം 108 ഉം 9 ഉം ആണ്. രണ്ട് സംഖ്യകളിൽ ഒന്ന് 27 ആണെങ്കിൽ മറ്റേ സംഖ്യ കണ്ടെത്തുക.

A) 45 B) 36 C) 42 D) 34

77. ഇന്ന് തിങ്കളാഴ്ചയാണെങ്കിൽ 75 ദിവസങ്ങൾക്ക് ശേഷം ആഴ്ചയിലെ ഏത് ദിവസമാണ് ?

A) ചൊവ്വ B) തിങ്കൾ C) ഞായർ D) ശനി

78. 2, 8, 18, 32, ______

A) 64 B) 68 C) 56 D) 50

79. A 729, G 343, _______, S 27

A) N 225 B) M 225 C) M 125 D) N 125

80. 7 + 0.7 + 0.007 + 0.0007 =

A) 7.7077 B) 7.0777

C) 7.7707 D) ഇവയൊന്നുമല്ല

81. Give the correct verb form.
Seven hundred rupees _____ too much for this sari.
A) is B) are C) has D) has been

82. Choose the best antonym for thrifty.
A) deceit B) extravagant C) turbulent D) baffled

83. Remember to switch off the fan, _______ ?
Choose the appropriate tag.
A) Won't you ? B) Did you ?
C) Doesn't he ? D) Haven't you ?

84. Choose the correct preposition.
We celebrate Independence Day ______ 15 August.
A) in B) on C) at D) by

85. She was mending socks.
Choose the correct passive form.
A) Socks are mending by her B) Socks were mended by her
C) Socks were being mended by her D) Socks have been mended by her

86. The meaning of the idiom "at sixes and sevens" is
A) Achieve two results with one effort B) In a state of confusion
C) Be highly successful D) Do everything one can

87. Choose the correctly spelled word.
A) Circumlocution B) Pavilien C) Drowcy D) Perenniel

88. Mrs. Kamala said to Raju, "Place the dishes on the table".
Choose the most appropriate indirect speech.
A) Mrs. Kamala asked Raju to place the dishes on the table.
B) Mrs. Kamala told Raju that he placed the dishes on the table.
C) Mrs. Kamala asked Raju that he could place the dishes on the table.
D) Mrs. Kamala told Raju that he had placed the dishes on the table.

89. The meaning of the word "alma mater" is
A) Master piece
B) The university, school or college that one formerly attended
C) In the memory of
D) Jovial companion

90. I can't _______ my roommate's messiness.
Fill in the blank using the correct phrasal verb.
A) Put off B) Put up with C) Put on D) Put out

91. 'ഓശ' എന്ന വാക്കിന്റെ സമാനാർത്ഥം വരുന്ന പദം ഏത് ?

A) ദോഷം B) ശബ്ദം C) വാക്ക് D) പരിഹാരം

92. പക്ഷി എന്നർത്ഥം വരാത്ത പദം ഏത് ?

A) വിഹഗം B) പത്രി C) ദ്വിജം D) ശകുന്തം

93. അയയ്ക്കുന്നയാൾ എന്നർത്ഥം വരുന്ന പദം ഏത് ?

A) പ്രേഷകൻ B) പ്രേക്ഷകൻ C) പ്രേഷിതൻ D) പ്രേക്ഷിതൻ

94. താഴെ കൊടുത്തിരിക്കുന്നവയിൽ ബഹുവചന രൂപമായി വരാത്ത പദം ഏത് ?

A) ഗുരുക്കൾ
B) വധുക്കൾ
C) പിതാക്കൾ
D) കുഞ്ഞുങ്ങൾ

95. താഴെ കൊടുത്തിരിക്കുന്നതിൽ ശരിയായ പദം ഏത് ?

A) മഠയൻ B) മടയൻ C) മഡയൻ D) മഢയൻ

96. Castle in the air എന്ന ഇംഗ്ലീഷ് ശൈലിയുടെ വിവർത്തനമേത് ?

A) ആകാശഗോപുരം
B) ആകാശവിസ്മയം
C) ആകാശക്കോട്ട
D) ആകാശഗോളം

97. സർവ്വജ്ഞൻ എന്ന വാക്കിന്റെ വിപരീതപദം ഏത് ?

A) അവിജ്ഞൻ B) അനഭിജ്ഞൻ C) കിഞ്ചിജ്ഞൻ D) അവജ്ഞൻ

98. പൊൻ + കുടം – ചേർത്തെഴുതുക.

A) പൊൻകുടം
B) പൊർക്കുടം
C) പൊങ്കുടം
D) പൊൽക്കുടം

99. പഠിത്തമവസാനിപ്പിക്കുക എന്നർത്ഥം വരുന്ന ശൈലി ഏത് ?

A) ഏട് കെട്ടുക
B) ധനാശി പാടുക
C) ഭരതവാക്യം ചൊല്ലുക
D) ശിങ്കിടി പാടുക

100. ശ്വശുരൻ എന്ന പദത്തിന്റെ എതിർലിംഗമേത് ?

A) ശ്വശ്വരു
B) ശ്വശ്രൂ
C) ശ്വശുര
D) ശ്വശു

## Space for Rough Work

**FINAL ANSWER KEY**
**Question Paper Code:128/2025 M**
**Question Paper Medium:Malayalam**
**Category Code:134/2023,259/2023,729/2022**
**Name Of Post & Department:Store Keeper (Main), Theatre Assistant (Additional Main) 134/2023,**
**Date Of Test:16-Oct-2025**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | D | B | C | C |
| 2 | C | C | A | A |
| 3 | B | A | C | C |
| 4 | D | C | B | B |
| 5 | A | B | D | B |
| 6 | C | A | C | C |
| 7 | A | C | B | B |
| 8 | C | A | A | A |
| 9 | B | A | A | C |
| 10 | B | D | D | D |
| 11 | C | A | A | D |
| 12 | A | C | C | C |
| 13 | C | D | D | A |
| 14 | B | A | B | B |
| 15 | D | C | C | C |
| 16 | D | C | A | B |
| 17 | C | B | C | A |
| 18 | A | C | D | C |
| 19 | B | B | A | D |
| 20 | C | D | B | B |
| 21 | B | A | A | A |
| 22 | X | C | C | C |
| 23 | D | D | D | A |
| 24 | D | A | A | A |
| 25 | A | B | C | D |
| 26 | C | B | B | A |
| 27 | B | A | X | C |
| 28 | A | C | D | D |
| 29 | C | D | D | A |
| 30 | D | B | A | C |
| 31 | C | A | B | D |
| 32 | B | C | C | C |
| 33 | A | D | A | B |
| 34 | A | B | C | D |
| 35 | D | C | B | A |
| 36 | B | C | C | C |
| 37 | A | B | A | B |
| 38 | C | A | C | C |
| 39 | D | A | B | B |
| 40 | B | D | B | D |
| 41 | A | C | A | B |
| 42 | C | B | C | C |
| 43 | D | A | A | A |
| 44 | A | C | A | C |
| 45 | B | D | D | B |
| 46 | A | B | C | C |
| 47 | C | X | B | A |
| 48 | D | D | C | C |
| 49 | B | D | B | B |
| 50 | C | A | D | D |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | C | D | D | A |
| 52 | B | C | C | C |
| 53 | C | A | B | D |
| 54 | B | B | D | A |
| 55 | D | C | A | B |
| 56 | A | C | B | B |
| 57 | C | A | A | X |
| 58 | D | C | C | D |
| 59 | A | B | D | D |
| 60 | C | D | B | A |
| 61 | A | C | C | A |
| 62 | C | A | B | C |
| 63 | A | C | A | D |
| 64 | A | B | C | B |
| 65 | D | B | D | C |
| 66 | B | D | D | C |
| 67 | C | C | C | B |
| 68 | A | B | A | A |
| 69 | C | D | B | A |
| 70 | B | A | C | D |
| 71 | D | D | B | A |
| 72 | C | D | B | A |
| 73 | A | B | C | D |
| 74 | A | B | A | D |
| 75 | B | C | A | D |
| 76 | B | A | A | C |
| 77 | D | A | D | C |
| 78 | D | A | C | A |
| 79 | C | D | D | B |
| 80 | A | C | D | B |
| 81 | A | A | C | A |
| 82 | B | A | B | B |
| 83 | A | C | B | A |
| 84 | B | B | B | A |
| 85 | C | B | A | A |
| 86 | B | B | B | B |
| 87 | A | A | A | B |
| 88 | A | B | B | B |
| 89 | B | A | A | C |
| 90 | B | B | A | B |
| 91 | B | C | B | A |
| 92 | C | D | C | A |
| 93 | A | B | A | C |
| 94 | A | C | B | D |
| 95 | B | A | A | B |
| 96 | C | B | A | C |
| 97 | C | A | B | A |
| 98 | D | A | C | B |
| 99 | A | B | C | B |
| 100 | B | C | D | C |

'X' denotes deletion

Approved For Publication
Sd/-
Section officer